
JULY YEAR: 2021

# ബൈബിൾ ട്രൂത്ത്




# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 36 July 2021 No. 07

## എഡിറ്റോറിയൽ

ബൈബിൾ ദൈവശ്വാസിയ വചനമാകയാൽ അത് ആധികാരികവും വിശ്വസനിയവുമാണ്. മനുഷ്യജീവിതത്തെ ക്രമീകരിക്കുന്നതിന് ദൈവം രുപപ്പെടത്തിയിരിക്കുന്നതാണ് അത്. പക്ഷെ നാം അതു മനസിലാക്കുവാൻ ശ്രമിക്കുമ്പോൾ, അതിലെ പൊരുൾ തിരിച്ചു തരുവാൻ പരിജ്ഞാനമുള്ള ഒരാളുടെ സഹായം തേടേണ്ടത് ആവശ്യമാണ്. ശരിയായ രീതിയിൽ തിരുവെഴുത്ത് മനസിലാക്കാത്ത അജ്ഞരായ ആളുകൾ ദുരുപദേശങ്ങൾ സത്യമാണെന്ന് വിശ്സിക്കുകയും അനുസരിക്കുകയും ചെയ്യും. പക്ഷെ അതിനു ദൈവം ഉദ്ദേശിച്ചിരിക്കുന്ന ഫലം കിട്ടുകയില്ല എന്നു മാത്രമല്ല, അനന്തരഫലം പിന്നീട് തിരുത്തുവാൻ പറ്റാത്ത അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യും. ദൈവ നിയമങ്ങൾ മാനുഷിക നിയമങ്ങൾ പോലെയല്ല. ദൈവനിയമം ലംഘിച്ചാലുള്ള ഫലം വളരെ വലുത്.

ഒരു രാജ്യത്തിന്റെ നിയമങ്ങൾ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടതാണ്. അതിൽ പോരായ്മകൾ ഉള്ളതിനാലാണ്, രാജ്യത്തിലെ നിയമങ്ങൾക്ക് ഭേദഗതികൾ കാലാകാലങ്ങളായി വരുത്തിക്കൊണ്ടിരിക്കുന്നത്. പക്ഷെ ദൈവത്തിന്റെ നിയമം ഒരിക്കൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞാൽ പിന്നെ മാറ്റം വരുത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. അതിനാലാണ്, വചനത്തോടു കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് എന്നു മുന്നറിയിച്ചിരിക്കുന്നത്. ദൈവം തന്റെ വചനം മനുഷ്യരിലേക്ക് അയക്കുമ്പോൾ, അതിനു ദൈവം ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ച ശേഷമേ ദൈവത്തിലേക്ക് മടങ്ങി വരികയുള്ളു. ഒരിക്കൽ

മനുഷ്യർക്ക് മർമ്മമായിരുന്നതിനെ ദൈവം അത് വെളിപ്പെടുത്തിയിരിക്കുന്നത്, നാം ഓരോരുത്തരും അത് മനസിലാക്കുവാനാണ്. അതുകൊണ്ടാണ് ബൈബിൾ വായന മുടക്കരുത് എന്ന് മുന്നറിയിച്ചിരിക്കുന്നത്.

ബൈബിളിലെ പഴയ നിയമം യിസ്രായൽ ജനത്തിനു നൽകിയതായിരുന്നു, അത് മോശെ മുഖാന്തരമാണ് നൽകിയത്. അത് ജഡികവും താൽക്കാലികവുമായ നിയമങ്ങളായിരുന്നു. എന്നാൽ പുതിയ നിയമം യേശുക്രിസ്തു മുഖാന്തരം സ്ഥിരമായി ഉറപ്പിച്ചിരിക്കുന്ന ഒന്നാണ്. അത് തികച്ചും ആത്മികമാണ്. അതായത് ആത്മാവിനെ ബാധിക്കുന്ന വിധത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത് എന്നർത്ഥം. വളരെ ഗൗരവമായി പരിഗണിക്കേണ്ടതാണ് യേശുക്രിസ്തുവിന്റെ വാഗ്ദാനങ്ങളും കൽപനകളും. അവ ഒന്നും നിഷേധിക്കുവാനോ, അനുസരിക്കാതിരിക്കുവാനോ ശ്രമിക്കരുത്. അനുഗ്രഹം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ അനുസരിക്കുക തന്നെ വേണം. പരിശുദ്ധനെ കുറിച്ചുള്ള പരിജ്ഞാനമാണ് മനുഷ്യരുടെ വിവേകത്തിനു ആവശ്യമായിട്ടുള്ളത്.

ആദ്യമായി മനുഷ്യരുടെ ഹൃദയത്തിൽ വിശ്വാസം വേണം. എല്ലാവർക്കും ഉള്ളിലാണ് മാറ്റം വരേണ്ടത്. പുറമെ വരുത്തുന്ന മാറ്റമല്ല ദൈവം പ്രതീക്ഷിക്കുന്നത്. ദൈവമുൻപാകെ നമ്മുടെ ഹൃദയം നേരുള്ളതാകണം. അതിനു ദൈവസഹായം കൂടിയേ തീരു. നമ്മുടെ കഴിവ് അനുസരിച്ച് നിയമലംഘനം ഒഴിവാക്കുവാൻ ആർക്കും സാധ്യമല്ല. കാരണം ജഡത്തിൽ വസിക്കുന്ന മനുഷ്യൻ വളരെ പെട്ടെന്ന് ജഡത്തിന് അധിനനായേക്കും. ദിവസവും പ്രാർത്ഥനയോടെ വചനം പരിശോധിച്ച് നമ്മുടെ പോരായ്മകൾ പരിഹരിച്ച് വേണം ദൈവേഷ്ടം ഗ്രഹിക്കുവാൻ. വിട്ടുകളയേണ്ടത് വിട്ടുകളയാതെ ലഭിക്കേണ്ടത് ലഭിക്കുകയില്ല എന്നത് തീർച്ചയാണ്. ദൈവം നീതിമാനാണ്, അവന്റെ വചനം നീതിയും ന്യായവുമുള്ളതാണ്. ആത്മാക്കളുടെ രക്ഷക്ക് ഏകരക്ഷകനും മാർഗവുമാണുള്ളത്. യേശുക്രിസ്തു അല്ലാതെ മറ്റൊരു രക്ഷകൻ ഇല്ല. കർത്താവിന്റെ മാർഗം അല്ലാതെ മറ്റൊരു മാർഗവുമല്ല. നിത്യജീവനും സ്വർഗവും അവന്റെ അധികാരത്തിൽ പെടുന്നതാണ്. അവന്റെ കൽപനകൾ അനുസരിക്കുക.

✶

# വേഗം എന്നാൽ എത്ര വേഗം ?

J.C. ചോട്ട്

മതപരമായ ആളുകൾ പലപ്പോഴും സംസാരിക്കാറുള്ള വിഷയമാണ് കർത്താവിന്റെ വരവ്. കർത്താവിന്റെ വരവിന്റെ തീയ്യതി പോലും തിട്ടപ്പെടുത്തി ചിലർ പറയുകയുണ്ടായി ആദ്യമായി നാം മനസിലാക്കേണ്ടതു ഇവർ കർത്താവിന്റെ വരവിന്നു വേണ്ടി ഒരുങ്ങാത്തവരാണ്. രണ്ടാമതായി, കർത്താവിന്റ മടങ്ങി വരുന്ന സമയം വെളിപ്പെടുത്തിയിട്ടില്ല എന്നതാണ്. അവർ അവരുടെ മുന്നറിയിപ്പുകളിൽ പരാജയപ്പെടുകയാണ് ചെയ്യ ുന്നത്. അക്കുട്ടർ ശ്രദ്ധാലുക്കളാണെന്നു ഒരുപക്ഷേ മറ്റുള്ളവർക്കു തോന്നാം. പക്ഷേ അവർ ഇങ്ങനെ തിയ്യതികൾ ഗണിക്കുന്നതു കൊണ്ടു ആളുകളെ തങ്ങളിലേക്കു ആകർഷിക്കുകയാണ് ചെയ്യുന്നതു. എന്നാൽ ഇതു വളരെ അപകടം പിടിച്ച കാര്യമാണ്. ഇവർ ദുരുപദേഷ്ടാക്ക്ന്മരാണ് എന്ന കാര്യം നാം മറക്കരുത്.

ക്രിസ്തു വീണ്ടും വരുമെന്നു ബൈബിൾ തറപ്പിച്ചു പറയുന്നു. എന്നാൽ ഒരു രാജ്യം സ്ഥാപിക്കുന്നതിനോ ആയിരമാണ്ട് ഈ ഭൂമിയിൽ വാഴുന്നതിനോ വേണ്ടിയല്ല. മറിച്ച് ഈ ലോകത്തിനു അവസാനം വരുന്നതിനും മനുഷ്യരെ ന്യായം വിധിക്കുന്നതിനുമാണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള പെന്തെകൊസ്തു നാൾ മുതൽ ദൈവ രാജ്യം നിലനില്ക്കുന്നുണ്ട് (മർക്കൊസ് 9:1; പ്രവൃത്തി 8:2). തന്റെ രാജ്യം പിതാവിനെ ഏല്പിക്കുവാൻ കൂടെയാണ് കർത്താവു വീണ്ടും വരുന്നതെന്നു പൗലോസ് പറയുന്നു (1 കൊരിന്ത്യർ 15:24). പാപത്തിൽ നിന്നും

ലോകത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെടുന്നവരാണ് അവന്റെ രാജ്യത്തിലുള്ളത്.

കർത്താവ് വീണ്ടും വരുന്ന സമയത്തെ കുറിച്ചു ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നതു: ആ നാളും നാഴികയും സംബന്ധിച്ച് സ്വർഗ്ഗീയ പിതാവല്ലാത്ത സ്വർഗ്ഗത്തിലെ ദൂതന്മാരോ, ദൈവ പുത്രനോ അറിയുന്നില്ല എന്നത്രെ (മത്തായി 24:36). സ്വർഗ ത്തിലെ ദൂതൻമാർക്ക് അറിയാത്തതായ കാര്യം, വരുന്ന കർത്താ വിനു പോലും അറിയാത്ത കാര്യം വെറും മനുഷ്യരായ ആളു കൾക്കു ആ ദിവസം എങ്ങനെ അറിയാം ? പത്രോസ് പറഞ്ഞിരി ക്കുന്നതു അവന്റെ വരവ് കള്ളനെ പോലെ ആയിരിക്കും എന്നാ ണ്. അതിന്റെ അർത്ഥം, മുന്നറിയിപ്പല്ലാതെ ആയിരിക്കും എന്നാ ണ്. ദൈവ മനസിലിരിക്കുന്ന കാലങ്ങളെയും സമയങ്ങളെയും അറിയാമെന്നു പറയുന്നവർ ദൈവത്തെ പരിഹസിക്കുകയാണ്. ദൈവത്തെ കളിയാക്കുന്നതു അപകടം തന്നെയാണ്. ഇങ്ങനെ പറയുന്നവരും അതു കേട്ടു വിശ്വസിക്കുന്നവരും വാസ്തവത്തിൽ വഞ്ചിക്കപ്പെടുകയാണ്.

ക്രിസ്തു വീണ്ടും വരുമെന്നു നമുക്ക് അറിയാം. കാരണം അവൻ തന്നെ അതു വാഗ്ദാനം ചെയ്തിട്ടുണ്ട്. നിങ്ങളുടെ ഹൃദയം കലങ്ങിപോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ; എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെ ങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരി ക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14:1-3). മരിക്കുന്നതിനു മുൻപ് കർത്താവ് മുന്നറിയിച്ചതാണിത്.

പക്ഷേ എപ്പോഴാണ് ക്രിസ്തു വീണ്ടും വരുന്നത് ? അതാർക്കും അിറഞ്ഞുകൂടാ. അതു ഇപ്പോഴാകാം; നാളെയാകാം; അല്ലെങ്കിൽ ആയിരം വർഷം കഴിഞ്ഞിട്ടാകാം.

അപ്പൊസ്തലന്മാരും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും അവരുടെ കാലയളവിൽ പ്രതീക്ഷിച്ചിരുന്നു യാക്കൊബ് തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു: എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ. കൃഷിക്കാരൻ ഭുമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുൻമഴയും പിൻമഴയും അതിന്നു കിട്ടുവോളം ദീർഘ ക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നതു (യാക്കൊബ് 5:7–8). കർത്താവു വേഗം വരുമെന്നു പറയുന്നതു തെറ്റാണെന്നു വിചാരിക്കുന്നവരുണ്ട്. എങ്കിലും കർത്താവു വേഗം വരുമെന്നതാണ് വാസ്തവം. എത്ര വേഗത്തിൽ ആണ് അവൻ വരുന്നതു? നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ കർത്താവു വരുവാൻ എത്ര വർഷം എടുത്താലും കർത്താവിന്നു അതു വേഗം തന്നെയാണ്. അതിൽ സംശയിക്കേണ്ട കാര്യമില്ല.

എങ്ങനെയായിരിക്കും കർത്താവ് വരിക? അവൻ ആകാശമേഘത്തിൽ ദൈവത്തിന്റെ കാഹള നാദത്തോടുകൂടെ അവനുള്ളവരും അന്നു ജീവനോടെ ഇരിക്കുന്നവരെയും രൂപാന്തരപ്പെടുത്തി അവനെ എതിരേല്ക്കുവാൻ എടുക്കും. എല്ലാവർക്കും ഉയിർത്തെഴുന്നേല്പും ന്യായവിധിയും ഉണ്ട് (യോഹന്നാൻ 5:28–29; 1 കൊരിന്ത്യർ 15–ാം അദ്ധ്യായം, 1 തെസലൊനിക്യർ 4–ാം അദ്ധ്യായം, എബ്രായർ 9:27–28 എന്നീ വേദഭാഗങ്ങൾ ദയവായി വായിക്കുക). അതിനു ശേഷം നീതിമാന്മാർ കർത്താവിനോടു

കൂടെ എന്നേക്കും ജീവിക്കും. ദുഷ്ടന്മാരോ നിത്യ നരകത്തിലേക്കു തള്ളപ്പെടും (മത്തായി 25:46).

നാം കർത്താവിനെ എതിരേല്ക്കാൻ തയ്യാറായിട്ടുണ്ടോ എന്നതാണ് ചോദ്യം. ഇല്ലെങ്കിൽ അവസരവും ഉള്ളപ്പോൾ തയ്യാറാകുക. നാം ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുകയും പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും ദൈവ പുത്രനായ ക്രിസ്തുവിനെ ഏറ്റു പറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കയും ചെയ്യുമ്പോൾ കർത്താവു നമ്മെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കുന്നു (മർക്കൊസ് 16:15-16; പ്രവൃത്തി 2:47). തുടർന്നു നാം ദൈവത്തെ വചനപ്രകാരം ആരാധിച്ച് വിശ്വാസ്തമായി മരണത്തോളം ജീവിച്ചാൽ നിത്യ ജീവന്റെ പ്രത്യാശ നമുക്ക് ഉണ്ട്. പിന്നെ കർത്താവു വരുമ്പോൾ നമ്മുടെ ആത്മാവിനു എല്ലാം ശുഭമായിരിക്കും. താമസിച്ചു പോകാതെ സുക്ഷിക്കുക. ദൈവത്തെ അനുസരിക്കേണ്ടതു ഉടനെയാകുന്നു. കാരണം ആയുസ് പെട്ടെന്നു തീർന്നേക്കാം. കർത്താവു വേഗം വരുമെന്നു ഓർക്കുക.

✶

# ക്രിസ്ത്യാനിയും സർക്കാരും

**റോഡ് റുതർഫോർഡ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷക്കായി പ്രതികാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ടു ശിക്ഷയെ വിചാരിച്ചു മാത്രമല്ല, മനസാക്ഷിയെയും വിചാരിച്ചു

കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ. നികുതി കൊടുക്കേണ്ടവനു നികുതി ചുങ്കം കൊടുക്കേണ്ടവനു ചുങ്കം. ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം (റോമർ 13:1-7). ഓരോ ക്രിസ്ത്യാനിയും അവനവന്റെ ചുമതല നിറവേറ്റണം. ദൈവത്തിന്റെയും രാജ്യത്തിന്റെയും നിയമം ലംഘിക്കാതെ ജീവിക്കണം. പഴുതുകൾ കണ്ടെത്തി ന്യായീകരിക്കുന്ന പ്രവണത നന്നല്ല. പുറത്തുള്ളവർക്കു മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ് കർത്താവിന്റെ ശിഷ്യന്മാർ. അതു നാം മറക്കരുത്.

അപ്പൊസ്തലനായിരുന്ന പത്രോസും ഈ വിഷയത്തെ പരാമർശിച്ചു പറഞ്ഞിട്ടുണ്ട്. സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു വെച്ചു രാജാവിനും ദുഷ്പ്രവർത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നു വെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാകേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരേയും ബഹുമാനിപ്പിൻ, സഹോദര വർഗ്ഗത്തെ സ്നേഹിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിപ്പിൻ.

ദൈവ നിയമത്തിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യുവാൻ ഗവൺമെന്റ് ക്രിസ്ത്യാനികളോടു കല്പിച്ചാൽ എന്തു ചെയ്യണമെന്ന ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ദൈവത്തെ

ആരാധിക്കുന്നതു ക്രിസ്ത്യാനികളെ സർക്കാർ വിലക്കുകയാണെങ്കിൽ എന്തു ചെയ്യും? ദൈവ നിയമവും മാനുഷ നിയമവും തമ്മിൽ വിവാദം ഉണ്ടായൽ അനുസരിക്കേണ്ടതു എപ്പോഴും ദൈവ നിയമം ആണ്. ക്രിസ്തുവിനെ പ്രസംഗിച്ചു എന്ന കുറ്റം ചുമത്തി അപ്പൊസ്തലന്മാരെ യെഹൂദന്മാർ പിടിച്ചു. അപ്പൊസ്തലന്മാർ അവരോടു പറഞ്ഞ മറുപടി ഉചിതമായതു തന്നെയായിരുന്നു. ഈ നാമത്തിൽ ഉപദേശിക്കരുതു എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി കല്പിച്ചുവല്ലോ. നിങ്ങളോ യെരുശലേമിനെ നിങ്ങളുടെ ഉപദേശം കൊണ്ടു നിറെച്ചിരിക്കുന്നു. ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അതിനു പത്രോസും ശേഷം അപ്പൊസ് തലന്മാരും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:28-29). മനുഷ്യന്റെ നിയമം ദൈവ നിയമത്തിനു എതിരായി വരുമ്പോൾ ദൈവത്തെ അനുസരിക്കണം.

ചില ആളുകൾ കരുതുന്നതു ഗവൺമെന്റിനെ സേവിക്കേണ്ടതു ലൗകിക മനുഷ്യരാണ്; ക്രിസ്ത്യാനികളല്ല എന്നാണ്. ഇതു ബൈബിൾ പഠിപ്പിക്കുന്നതല്ല. ദൈവത്തിനു ഒരേ ഒരു നിയമമാണ് സകല മനുഷ്യർക്കും ആയിട്ടുള്ളത്. ഒരാൾക്കു ഒന്നും മറ്റൊരാൾക്കു വേറൊന്നും എന്നതല്ല. നികുതി കൊടുക്കാതിരിക്കുന്നതാണ് തെറ്റ് ദേശീയഗാനം ആലപിക്കുന്നതും പതാകയെ വണങ്ങുന്നതും തെറ്റല്ല. അതു ദൈവത്തെ വണങ്ങുന്നതുപോലെയല്ല. പതാകയെ നാം ബഹുമാനിക്കുന്നു എന്നേയുള്ളു. ഒരാളെ നാം വന്ദനം ചെയ്യുമ്പോൾ കൈകൂപ്പുന്നതു അദ്ദേഹത്തെ ബഹുമാനിക്കുന്ന സുചനയാണ്. അല്ലാതെ അയാളെ നമസ്ക്കരിക്കലല്ല.

✶

# സകല ഭാരവും വിടുക

**W.A. ഹോളെ**

ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു (എബ്രായർ 12:1-2).

ആരാണ് എബ്രായ ലേഖനം എഴുതിയതെന്നു നമുക്ക് അറിഞ്ഞുകൂടാ. മറ്റു വാക്യങ്ങൾ അനുസരിച്ച് പൗലോസ് എഴുതാൻ സാദ്ധ്യതയില്ല എന്നു നമുക്ക് അനുമാനിക്കാം (2 തെസലൊനിക്യർ 3:17). ആരെഴുതിയാലും അതിലെ പ്രതിപാദ്യവിഷയങ്ങൾ ആധികാരികവും വിശ്വസനീയവും തന്നെ.

പശ്ചാത്തലം എന്തെന്നാൽ അന്നത്തെ എബ്രായ ക്രിസ്ത്യാനികൾ ക്രിസ്തുവിനെയും അവന്റെ സഭയെയും വിട്ടു പഴയ നിയമാചാരത്തിലേക്കും ന്യായപ്രമാണത്തിലേക്കും തിരിഞ്ഞിരിക്കുന്നതാണ്. ഇതു തികച്ചും വേദനാജനകം തന്നെയാണ്.

എബ്രായ സഹോദന്മാരെ, ഈ ലേഖകൻ ഉത്തേജിപ്പിക്കുന്നതിനു പഴയ നിയമത്തിലെ വിശ്വാസ നായകന്മാരെ എടുത്തു കാണിക്കുന്നുണ്ട്. പുരാതന കാലത്തു ജീവിച്ച അവരുടെ

വിശ്വാസ നേട്ടങ്ങളെയും ചൂണ്ടി കാണിക്കുന്നുണ്ട്. അവർക്കു ചുറ്റും സാക്ഷികളുടെ ഒരു വലിയ സമൂഹം തന്നെ ഉണ്ടായിരുന്നതായി പറയുന്നു. അവർ ഇവരുടെ വിശ്വാസ മാതൃക നേരിട്ടു കണ്ടവരാണ്. ക്രിസ്ത്യാനികൾ അവരുടെ വിശ്വാസ ഓട്ടം ഓടുമ്പോൾ അവർ ഇവരെ നോക്കുകയാണ്. എന്നാൽ ക്രിസ്തീയ ഓട്ടത്തിൽ വിജയം കൈവരിക്കണമെങ്കിൽ അവർ തടസങ്ങളും ഭാരങ്ങളും പ്രതിബന്ധങ്ങളും നീക്കം ചെയ്യണം. സ്ത്രീയായാലും പുരുഷനായാലും അവരുടെ വിജയത്തിനു പ്രതികൂലമാകുന്ന ഭാരങ്ങളെ മാറ്റി എടുക്കണം. കൊരിന്ത്യർ 9:24-27; ദയവായി വായിക്കുക.

ഹെവിവെയിറ്റ് മത്സരങ്ങളിൽ പരിശീലനം നടത്തുന്നവർ മത്സരത്തിനു മുൻപ് വർജ്ജിക്കേണ്ടതെല്ലാം അവർ വർജ്ജിക്കും. നാം ഈ കാര്യത്തിൽ എന്തറിയണമോ അതു പൗലോസിൽ നിന്നു പഠിക്കുന്നുണ്ട് (1 കൊരിന്ത്യർ 9:27). നമ്മെ വളരെ എളുപ്പത്തിൽ കീഴ്പ്പെടുത്തുന്ന ഒന്നാണ് പാപം. സംശയം അഥവാ അവിശ്വാസം വളരെ പേരെ കീഴ്പ്പെടുത്തിയിട്ടുണ്ട് (എബ്രായർ 11:6; റോമർ 10:17; യോഹന്നാൻ 8:24; മർക്കൊസ് 16:16).

### വിട്ടു കളയേണ്ട കാര്യങ്ങൾ

1. പഴയ നിയമം എന്ന ന്യായപ്രമാണം നീങ്ങപ്പെട്ടു എന്നു എബ്രായ ക്രിസ്ത്യാനികൾ തിരിച്ചറിയേണ്ടിയിരുന്നു (എബ്രായർ 2:13-22). പഴയ ഉടമ്പടി ക്രൂശിൽ തറച്ചു (കൊലൊസ്യർ 2:14-17). ന്യായപ്രമാണത്തിൻ കീഴുണ്ടായിരുന്ന പൗരോഹിത്യ വ്യവസ്ഥ മാറിയതോടൊപ്പം ന്യായപ്രമാണവും മാറി. യേശുക്രിസ്തു മഹാ പുരോഹിതനായി തീർന്നു (എബ്രായർ 7:12-14; 9:15-17; 2 കൊരി

ന്ത്യർ 3:13-18). പുതിയ നിയമത്തെ വിട്ടു പഴയ നിയമത്തിലേക്കു തിരിയുന്നവർ തങ്ങളുടെ മനസും ഹൃദയവും മന്ദമാക്കിയിരിക്കയാണ്. ഇന്നും പുതിയ നിയമം അനുസരിക്കാതെ പഴയ നിയമ കല്പനകൾ അനുസരിക്കുന്നവർ ഉപേക്ഷിക്കേണ്ടതു മനസിലാക്കാതെ പോകുന്നു.

ക്രിസ്ത്യാനികൾ ഇന്നു മൃഗങ്ങളെ ബലി കഴിക്കയോ ശബ്ബത്തു ആചരിക്കയോ, യെഹൂദന്മാരുടെ പെരുന്നാൾ ആഘോഷിക്കയോ ചെയ്യേണ്ടതില്ല. കഴിഞ്ഞുപോയ നിയമാവലികൾ ഇന്നു പുതിയ നിയമ ക്രിസ്ത്യാനികൾ പാലിക്കുന്നതു വിരോധാഭാസമാണ്.

2. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരോഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള അവയവങ്ങളെ മരിപ്പിപ്പിൻ. ഈവക നിമിത്തം ദൈവ കോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നു വന്നു. ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദുഷണം, ദുർഭാഷണം ഇവയൊക്കെയും വിട്ടുകളവിൻ. ഈ വിധ പാപത്തിൽ ജീവിക്കുന്നതു സാധാരണയാണ്.

3. ജഢത്തിന്റെ പ്രവർത്തികളെ നാം ഉരിഞ്ഞു കളയണം. ദുർന്നടപ്പ്, യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുതു; അങ്ങനെയാകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ

ഒന്നും അരുതു; ഇരുളിന്റെ നിഷ്ഫല പ്രവർത്തികൾക്കു കൂട്ടാളികൾ ആകരുതു; അവയെ ശാസിക്കയത്രെ വേണ്ടതു. ഉറങ്ങുന്നവർ മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്കുക. ജഡത്തിന്റെ പ്രവർത്തികൾ ചെയ്യുന്നവർ ഒരിക്കലും ദൈവരാജ്യം അവകാശമാക്കുകയില്ല.

4. പകൽ സമയത്തു എന്ന പോലെ നാം മര്യാദയായി നടക്ക. വെറിക്കൂത്തുകളിലും ദുഷ്ക്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശു ക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുതു (റോമർ 13:13–14). ഒന്നിനൊന്നോടു ചേർന്നിരിക്കുന്ന പാപസ്വഭാവം പാപ വർദ്ധനവിലേക്കു നയിക്കുന്നു. അവസാനം തന്റെ ഏതു പ്രവർത്തിയെയും ന്യായീകരിക്കുന്ന അവസ്ഥയിലേക്കു മനസാക്ഷി എത്തുന്നു (സദൃശവാക്യങ്ങൾ 30 20; യാക്കൊബ് 1:13–15; റോമർ 6:23).

1. ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കികളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ (1 പത്രോസ് 2:1–2). എല്ലാ ഒഴിവുകഴിവുകളും ചിന്താകുലങ്ങളും ക്രിസ്ത്യാനികൾ വിട്ടു കളയണം. നമുക്കു വേണ്ടി കരുതുന്ന ദൈവത്തിൽ ആയിരിക്കണം നമ്മുടെ ആശ്രയം (ലുക്കൊസ് 12:22–34; മത്തായി 6:25–34; 1 പത്രോസ് 5:7).
2. നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലെ സംഭവങ്ങളെ കുറിച്ച് ഓർത്തു ദുഃഖിക്കേണ്ടതില്ല. നാം കഴിഞ്ഞ

കാലത്തിൽ ജീവിച്ചാൽ നമ്മുടെ ജീവിതം ഫലശൂന്യമായിരിക്കും. നമ്മുടെ മനസിനെ കീഴ്പ്പെടുത്തുന്ന ചില കാര്യങ്ങളെ നാം ധൈര്യപൂർവ്വം വിട്ടുകളയണം. ദാവീദ് രാജാവ് ഈ കാര്യത്തിൽ നമുക്കു നല്ലൊരു മാതൃകയാണ്. തന്റെ മകൻ മരിച്ചു എന്നറിഞ്ഞ ഉടനെ അവൻ തന്റെ സാധാരണ ജീവിതത്തിലേക്കു തിരിച്ചു വന്നു (2 ശമുവേൽ 12:23).

ക്രിസ്ത്യാനികൾ ഭൂതകാലത്തിലോ അല്ലെങ്കിൽ ഭാവി കാലത്തിലോ അല്ല ജീവിക്കേണ്ടത്, വർത്തമാന കാലത്തിലാണ് എന്നോർക്കണം. അതായത് നാം ഓരോരുത്തരും ജീവിക്കുന്ന കാലയളവിലെ നിയമം ആണ് അരുസരിക്കേണ്ടത്. തിരിച്ചുകൊണ്ടുവരുവാനസാദ്ധ്യമായ വാക്കുകളെകുറിച്ച് ഓർത്തു സമയം നഷ്ടപ്പെടുത്തുന്നതു എന്തിന്? തെറ്റുകൾ തിരുത്തി മാനസാന്തരപ്പെട്ടു ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുക. ദൈവ വാഗ്ദാനങ്ങളിൽ ആശ്രയിച്ച് ജീവിതം നയിക്കുക (എബ്രായർ 8:10–13:1 യോഹന്നാൻ 1:6–10).

✶

# രക്ഷ

**ബോബി കെ.**

ആത്മീയ തലത്തിൽ വളരെയധികം പറഞ്ഞു കേൾക്കാറുള്ള പദമാണല്ലോ രക്ഷ എന്നതു. ആത്മീയമായും ഭൗതികമായും രക്ഷ ഏതൊരു സൃഷ്ടികൾക്കും ആവശ്യമാണ്. കഷ്ടതയിൽ നിന്നുള്ള വിടുതൽ, സാമ്പത്തിക പരാധീനതയിൽ നിന്നുള്ള വിടു

തൽ, ഏതൊരാളെയും സന്തോഷിപ്പിക്കും. ഒരു വ്യക്തിയുടെ രക്ഷ കുടുംബത്തിന്റെ രക്ഷയായി തീരുന്നുണ്ട്. മൊത്തത്തിലുള്ള ഭാരത്തിനു അയവു വരുന്നതാണല്ലോ അത്തരം സന്ദർഭങ്ങൾ. ഭൗതികമായ രക്ഷ ഏതുവിധത്തിലുള്ളതായാലും അതു താൽക്കാലികമാണ്. എന്നാൽ ആത്മീയ രക്ഷ നിത്യമായ ഫലം ഉളവാക്കുന്നതാണ്. അവസ്ഥാന്തരം  ഇതിൽ അടങ്ങിയിരിക്കുന്നു. ശിക്ഷയിൽ നിന്നു വിടുതൽ ലഭിക്കുക എന്നതു നിസാര കാര്യമല്ല. ആത്മാവിനെ ശിക്ഷിക്കുന്ന അവസ്ഥക്കു വ്യത്യാസം ലഭിക്കുന്നതു വലിയ കാര്യം തന്നെയാണ്. പക്ഷെപലരും  അതിനെ ലാഘവത്തോടെ കാണുന്നുണ്ട്.

ചോദിക്കാവുന്നതിൽ വെച്ച് ഏറ്റവും വലിയ ചോദ്യമാണ് മക്കെദോന്യ പട്ടണമായ ഫിലിപ്പിയയിലെ കാരാഗൃഹ പ്രമാണി ചോദിച്ചതു " യജമാനൻമാരെ, രക്ഷ പ്രാപിപ്പാൻ ഞങ്ങൾ എന്തു ചെയ്യേണ്ടു?  ചരിത്രത്തിൽ പലരും ഇത്തരം ചോദ്യങ്ങൾ പലരോടും ചോദിച്ചിട്ടുണ്ടാകാം. രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണമെന്നു ചോദിക്കുന്നവർക്കു തൃപ്തികരമായ മറുപടി ദൈവം തന്നെയാണ് നല്കുന്നത്. മനുഷ്യർ നല്കുന്ന മറുപടി ശരിയായിരിക്കയില്ല. കാരണം രക്ഷിപ്പാൻ കഴിവുള്ളതു ദൈവത്തിനാണ്. ശിക്ഷിപ്പാനും ദൈവത്തിനാണ് അധികാരമുള്ളത്. ദൈവോദ്ദേശം നിറവേറപ്പെടുമ്പോഴാണ് ശരിയായ ഫലം നമുക്ക് ആസ്വാദിക്കാൻ കഴിയുന്നത്.

ദൈവത്തിൽ നിന്നു സൗജന്യമായി ലഭിക്കുന്ന രക്ഷയ്ക്കു ഒരു നിബന്ധന ഉള്ളതായി ഈ ചോദ്യം നമ്മുടെ മനസിൽ വ്യക്തമാക്കുന്നു. മനുഷ്യരുടെ ഭാഗത്തു നിന്നു അതിനായി ചിലതു ചെയ്യേണ്ടതായിട്ടുണ്ട് എന്നു തെളിയുന്നു. ആ ചോദ്യത്തിനുള്ള

ഉത്തരം നാം നോക്കിയാൽ അതു ഗ്രഹിക്കാനാകും. മനുഷ്യരുടെ ആയുസ് വളരെ ചുരുങ്ങിയതാണ്. എന്നാൽ നിത്യതയോ ദീർഘമായ കാലയളവാണ്. സ്വർഗ്ഗം വളരെ വിലയേറിയതും നരകം വളരെ ഭയങ്കരവുമാണ്. രക്ഷയെ കുറിച്ചുള്ള ചോദ്യം നിസാരമായി തള്ളികളയാവുന്നതല്ല. കാരണം അതു നമ്മുടെ ജീവിതത്തെ ബാധിക്കുന്ന ഒന്നാണ്.

പാപം നമ്മിൽ ഉണ്ടെന്നും പാപമാണ് നമ്മെ നഷ്ടപ്പെടുത്തുന്നതെന്നും നാം തിരിച്ചറിയുകയും സമ്മതിക്കയും വേണം. നമുക്കു കൊടുത്തു തീർക്കാൻ പറ്റാത്ത ഒരു കടമാണ് നമുക്കുള്ളത്. അതുകൊണ്ടു താൻ ഒരിക്കലും കടപ്പെടാതിരിക്കുന്നതായ നമ്മുടെ കടം കർത്താവു കൊടുത്തു തീർക്കാൻ മനസുവെച്ചതുകൊണ്ടു അവനിലേക്കു തിരിയുകയാണ് ഉത്തമമായ മാർഗ്ഗം. രക്ഷിക്കാൻ ശക്തിയുള്ള ഒരാൾ മാത്രമെയുള്ളു. നമുക്കു ആശ്രയിക്കാനുള്ളതു ക്രൂശിൽ മരിച്ച കർത്താവിന്റെ യാഗത്തിലാണ്. ക്രൂശിന്റെ മഹത്വം അറിയാത്തവർ ധാരാളമുണ്ട്. അപ്പൊസ്തലനായ പൗലോസ് അതു വിശദമാക്കിയിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 6:14). കാൽവറി മുഖാന്തരമല്ലാതെ പാപം മായിച്ചു കളവാൻ മറ്റു മാർഗ്ഗമില്ല. പദ്ധതി എന്തായിരുന്നാലും യേശുവിന്റെ ക്രൂശിലെ മരണവും ചൊരിഞ്ഞ രക്തവും മാറ്റി നിർത്തിയാൽ രക്ഷ അസാദ്ധ്യമായി തീരും.

ദൈവം തന്റെ പുത്രനും നമ്മിൽ നിന്നു ആഗ്രഹിക്കുന്നതു എന്തായാലും അതു വിശുദ്ധമായിരിക്കും. കാരണം നമ്മുടെ നായകൻ വിശുദ്ധനാണ്. രക്ഷ ദൈവത്തിന്റേയും അതിന്റെ വക്താവു

ക്രിസ്തുവും അതിന്റെ വില, യേശുവിന്റെ രക്തവുമാണ്. ഓരോ പാപിയും തന്റെ ഹൃദയത്തെ തുറന്നു ദൈവത്തിന്റെ മനോഹര സ്നേഹത്തെ മനസിലാക്കണം. ക്രിസ്തു മുഖാന്തരമുള്ള പ്രത്യാശാവചനത്തെയും കൈക്കൊള്ളണം. ആദ്യം ദൈവം പറഞ്ഞിട്ടുള്ളതു കേൾക്കാതെ ആർക്കും ദൈവത്തോടു അടുക്കുവാൻ കഴിയുകയില്ല. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമർ 10:17). ക്രിസ്തുവിന്റെ വചനമാകുന്ന സുവിശേഷമാണ് ഇന്നു മനുഷ്യരെ രക്ഷിക്കുന്നതു (റോമർ 1:16). സ്വർഗ്ഗത്തിൽ നിന്നു വരുന്ന സന്ദേശം കേൾക്കണം. അതു നാം അങ്ങനെതന്നെ വിശ്വസിക്കണം. ചിലർ സത്യം കേൾക്കുന്നുണ്ടെങ്കിലും അവ വിശ്വസിക്കായ്കയാൽ, അവർ അസത്യം വിശ്വസിക്കുവാനിടയാകുന്നു. സത്യ വചനത്തെ പരിശോധിച്ച് സ്വീകരിക്കുവാനുള്ള ഹൃദയമാണ് നമുക്കുണ്ടാകേണ്ടതു. പിശാച് കർത്താവിന്റെ ഉപദേശം ആളുകൾ കൈക്കൊള്ളാതിരിക്കുവാൻ അവരുടെ മനസു കുരുടാക്കി വെച്ചിരിക്കുന്നു. യഥാർത്ഥ സത്യത്തെ കാണുവാൻ അവരുടെ ഉൾക്കണ്ണു തുറക്കണം.

സകല മനുഷ്യരിലും ഉണ്ടാകേണ്ട ഒന്നാണ് വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. നിയമലംഘനം നടത്തിയതുകൊണ്ടു ആ സ്വഭാവം ഉപേക്ഷിക്കണം. പാപ സ്വഭാവം നിർത്തി മനസിലും പ്രവൃത്തിയിലും ദൈവ വഴിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും തീരുമാനിക്കണം (റോമർ 10:9–17). ദൈവ പദ്ധതിക്കനുസരിച്ചുള്ള ഒരു വേർതിരിവാണ് ജീവിതത്തിൽ വേണ്ടതു. താല്ക്കാലിക മാറ്റം അല്ല ദൈവം ആഗ്രഹിക്കുന്നതു. സ്ഥിരമായ മാറ്റമാണ്. സ്നാനം എന്ന കല്പന വചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് എല്ലാവരും അനു

സരിക്കേണ്ടതു. തെറ്റായ രീതിയിൽ സ്നാനമേറ്റു ന്യായീകരിക്കാൻ നോക്കരുത്. തെറ്റു തെറ്റാണെന്നു ബോധ്യപ്പെട്ടു തിരുത്തുക. ദൈവ കല്പനക്കു പകരം മറ്റൊന്നില്ല. അതിനോടു കൂട്ടുവാനോ അവയിൽ നിന്നു ഏതെങ്കിലും കുറവു ചെയ്യാനോ ശ്രമിക്കരുത്. അതു ദൈവത്തെ പരിഹസിക്കലാകും. ദൈവം കല്പിച്ചിരിക്കുന്ന ചട്ടങ്ങളും വിധികളും അങ്ങനെ തന്നെ പ്രമാണിക്കുമ്പോഴാണ് ദൈവപ്രസാദം. നമുക്കു കിട്ടുന്നതു. അല്ലെങ്കിൽ ദൈവകോപമായിരിക്കും അനുഭവപ്പെടുക. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16).

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിനു കാരാഗൃഹ പ്രമാണിക്കു ലഭിച്ച മറുപടി, കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നതായിരുന്നു (പ്രവൃത്തി 16:31). കർത്താവിന്റെ വചനമാണ് പൗലോസ് അവനോടു സംസാരിച്ചതു. ആ വചനത്താൽ അവനു വിശ്വാസം വന്നു. ആ രാത്രിയിൽ അതേ നാഴികയിൽ തന്നെ കാരംഗൃഹപ്രമാണി അവരുടെ മുറിവുകൾ കഴുകി. ഈ കാരഗൃഹപ്രമാണി അവരെ അടിച്ചു മുറിവേല്പിച്ചതാണ്. ആ മുറിവുകളെ ഇപ്പോൾ അവൻ തന്നെ കഴുകുകയാണ്. അവന്റെ മനസിലുണ്ടായ മാറ്റം പ്രവൃത്തിയിൽ കാണപ്പെട്ടു. ഇതാണ് വാസ്തവത്തിലുള്ള മാനസാന്തരം. പിന്നീട് അവൻ കർത്താവിന്റെ നിർദ്ദേശം അനുസരിച്ചു സ്നാനമേല്ക്കുകയും ചെയ്തു. അതിനുശേഷം അവൻ ആ തടവുകാർക്കു ഭക്ഷണവും കൊടുത്തു. ദൈവത്തിൽ വിശ്വസിച്ചതുകൊണ്ടു അവനും അവന്റെ വീട്ടിലുള്ള എല്ലാവരും ആനന്ദിച്ചു.

✶

# എന്താണ് കൃപ

**ഡെന്നിസ് ലോയ്ഡ്**

ആറു ദിവസം കൊണ്ടു ദൈവം ഭൂമിയും അതിലുള്ളതൊക്കെയും നിർമ്മിച്ചു. അതിനുശേഷം താൻ ഉണ്ടാക്കിയതെല്ലാം നല്ലതെന്നു ദൈവം കണ്ടു (ഉല്പത്തി 1:31). ഭൗതികമായ ലോകം തികവുള്ളതും അതിലെ സ്ത്രീക്കും പുരുഷനും ആസ്വദിക്കാൻ തയ്യാറാക്കിയതുമായിരുന്നു. എന്നാൽ വീണ്ടെടുപ്പിൻ പദ്ധതി അതിന്റെ പ്രയോജനത്തോടുകൂടെ വെളിപ്പെടുത്തേണ്ടിയിരുന്നു. അതു ആത്മീയ നേതൃത്വം കുടുംബതലവന്മാരിലൂടെ കൊടുക്കേണ്ടിയിരുന്നു. പ്രവാചകന്മാരേയും പുരോഹിതന്മാരായും പൂർവ്വിക പിതാക്കന്മാർ സേവ ചെയ്തു. ദൈവത്തെ ആരാദിച്ചു സേവിക്കേണ്ടതിനു പിന്നീട് ഒരു ദേശമായി ഇസ്രായേലിനെ രൂപപ്പെടുത്തി എടുത്തു.

വളരെ വിശദമായ നിയമാവലി തന്നെ ദൈവം ഇസ്രായേലിന്നു വേണ്ടി മോശെ മുഖാന്തം നൽകി. ആ പ്രമാണങ്ങളിൽ വിവിധ വ്യവസ്ഥകൾ ദൈവം കൊടുത്തിരുന്നു. മനുഷ്യർ എങ്ങനെ ജീവിക്കണം. തങ്ങളെത്തന്നെ എങ്ങനെ ആരോഗ്യപരമായി സൂക്ഷിക്കണം എന്നൊക്കെ അതിൽ പ്രതിപാദിച്ചിരുന്നു. ഓരോരുത്തരുടേയും കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ എങ്ങനെ പെരുമാറണമെന്നും പറഞ്ഞിരുന്നു. കൂടാതെ മനുഷ്യൻ സാമൂഹ്യ ജീവിയാണല്ലൊ. അതുകൊണ്ടു ഒരാളുടെ സാമൂഹ്യ ബന്ധം ഭംഗിയായി കൊണ്ടു പോകാനുള്ള നിർദ്ദേശങ്ങളും കൊടുത്തിരുന്നു. ചുരുക്കി പറഞ്ഞാൽ മനുഷ്യനു വേണ്ട അടിസ്ഥാനോപദേശം ദൈവം ആളുകൾക്കു കൊടുത്തിരുന്നു.

കാലസമ്പൂർണ്ണതയിൽ സ്ത്രീയുടെ സന്തതിയായി ദൈവത്തിന്റെ പുത്രനായി യേശു ന്യായപ്രമാണത്തിൻ കീഴെ ജനിച്ചു. അതു മനുഷ്യരെ വീണ്ടെടുക്കുന്നതിനു വേണ്ടിയായിരുന്നു. തന്റെ എല്ലാ ആത്മിയമായ പ്രയോജനങ്ങളും തന്റെ സൃഷ്ടികൾ അനുഭവിക്കേണ്ടതിനു ദൈവം തന്നെ വഴി ഒരുക്കി. ക്രൂശിൽ കിടന്നു സകലവും നിർവത്തിയായി എന്നു യേശു പറഞ്ഞപ്പോൾ ദൈവോദ്ദേശം പൂർണ്ണമായി എന്നു വ്യക്തമാക്കുന്നു. അതിനു മുൻപ് തോട്ടത്തിൽ വെച്ച് യേശു പ്രാർത്ഥിക്കുകയുണ്ടായി: പിതാവേ, നീ എന്നെ ഏല്പിച്ച പ്രവൃത്തി ഞാൻ നിന്നെ മഹത്വപ്പെടുത്തി (യോഹന്നാൻ 17:4). പിതാവിന്റെ ഇഷ്ടമായിരുന്നു കർത്താവ് ചെയ്തതെല്ലാം. നാമും പിതാവിന്റെ ഇഷ്ടമാണ് ചെയ്യേണ്ടത്.

ദൈവത്തിന്റെ ശക്തി, ധർമ്മോപകാരം, ദാനം, അവന്റെ മഹിമയുടെ വല്ലഭത്വം എന്നിവ എല്ലാം നോക്കുമ്പോൾ പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്ന നാം മോശെയുടെ ന്യായപ്രമാണത്തിൽ ജീവിച്ചിരുന്നവരേക്കാൾ എത്രയോ ശ്രേഷ്ഠമായ, മഹത്തായ എന്നീ വാക്കുകൾ ഉപയോഗിച്ചു വ്യത്യാസത്തെ എടുത്തു കാണിക്കുന്നുണ്ട്. ക്രിസ്തുവിൽ ദൈവത്തിന്റെ വാഗ്ദാനങ്ങളും ദാനങ്ങളും അത്രമാത്രം വലുതാണ് എന്നു നമ്മെ പ്രബോധിപ്പിക്കുന്നു.

യെഹൂദന്മാർക്കു അവരുടെ ആരാധനയിൽ നിന്നു പ്രതീക്ഷിക്കാവുന്നതിനേക്കാൾ എത്രയോ ഉയർന്ന പ്രതീക്ഷ ഇന്നു ക്രിസ്ത്യാനികൾക്കു തങ്ങളുടെ ആരാധനയിൽ നിന്നു കിട്ടുന്നു. ആ താരതമ്മ്യ പഠനം നമ്മെ ഓർപ്പിക്കുന്നതു അതാണ്. കൂടാരത്തിനായി ദൈവം മോശെക്കു കൊടുത്ത പദ്ധതിയിൽ പ്രധാന

മായി ഉണ്ടായിരുന്നതു അതി വിശുദ്ധ സ്ഥലത്തെ കൃപാസനമായിരുന്നു (പുറപ്പാട് 37:6–9).

നിയമ പെട്ടകത്തിന്റെ മുകളിലായി അതു സ്ഥിതി ചെയ്തിരുന്നു. ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ പ്രായശ്ചിത്ത ബലിയുമായി തിരശീലക്കകത്തേക്കു കടക്കുമ്പോൾ പ്രതീക്ഷിക്കാവുന്ന ഏറ്റവും വലിയ പ്രതീക്ഷ ദൈവത്തിന്റെ കൃപയായിരുന്നു. ദൈവം അവരോടു കരുണ കാണിക്കേണ്ടതിനു അവർ രക്തമാണ് കൊടുത്തിരിക്കുന്നത്. ദൈവത്തിന്റെ ദയവിനും കരുണക്കും അപ്പുറമായി അവർക്കൊന്നും പ്രതീക്ഷിക്കാനില്ലായിരുന്നു. കൊടുത്തിരുന്ന രക്തം പൂർണ്ണമായിരുന്നില്ല. മറ്റൊരു പ്രവൃത്തിയും ഇതിന്നായി അവർ ആചരിക്കേണ്ടിയിരുന്നില്ല.

എന്നാൽ യേശു തിരശീല കടന്നു സ്വർഗ്ഗത്തിലേക്കു പോയിരിക്കയാൽ, ആ മഹാപുരോഹിതന്റെ യാഗം നിത്യമായതും തികവുള്ളതും ആയിരുന്നു. അവൻ നമുക്കു വേണ്ടി ഇന്നും പക്ഷാവാദം ചെയ്തുകൊണ്ടിരിക്കയാൽ നമുക്കു ധൈര്യത്തോടെ അവന്റെ കൃപാസനത്തോടു അടുത്തു ചെല്ലാം. അവനിൽ നിന്നു ആവശ്യമുള്ള കൃപ നമുക്കു ലഭിക്കുകയും ചെയ്യും (എബ്രായർ 4:16).

ഇസ്രായേൽ ജനത്തിനു കൃപയ്ക്കായി ദൂരെ നിന്നു അപേക്ഷിക്കുവാനാണ് അവസരം കിട്ടിയതെങ്കിൽ ഒരു ക്രിസ്ത്യാനിക്കു ദൈവത്തോടു അടുത്തു ചെല്ലുവാനുള്ള അവസരമാണുള്ളത്. യേശുവിന്റെ മരണത്താൽ മനുഷ്യർക്കുള്ള പാപത്തിനുള്ള ശിക്ഷ നീങ്ങി കിട്ടിയതാണ് കാരണം ദൈവ കൃപയാൽ മനുഷ്യരെ നോക്കുന്നതുകൊണ്ടു മുൻ കഴിഞ്ഞ പാപങ്ങളെ ദൈവം കണക്കിടാതിരിക്കുന്നു. യേശുവിന്റെ രക്തമാണ് അവയെ

മായ്ച്ചു കളയുന്നത്. പാപിയെ ദൈവം രക്ഷിക്കുന്നതു തന്നെ കൃപയാണ്. കൃപയാലത്രെ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പൗലോസ് പറഞ്ഞിട്ടുണ്ട് (എഫെസ്യർ 2:8).

നാം സ്നേഹിക്കുന്നവർക്കു ദാനം ചെയ്യാറുണ്ട്. എന്താണ് കാരണം? അവരെ സന്തോഷിപ്പിക്കുന്നതു മൂലം

നമുക്കും സന്തോഷമുണ്ടാകും. അതുപോലെയാണ് ദൈവവും നമ്മെ സ്നേഹിക്കുന്നതുകൊണ്ടു നമ്മെ രക്ഷിപ്പാൻ ആഗ്രഹിക്കുന്നു. സൗജന്യമായി നമ്മെ രക്ഷിക്കുക എന്നതു ദൈവത്തിൽ നിന്നും നാം അനുഭവിക്കുന്ന കൃപയാണ്. ദൈവം ലോകത്തെ സ്നേഹിച്ചതുകൊണ്ടു തന്റെ ജീവനെ നമുക്കായി നൽകി. അതുകൊണ്ടാണ് ദൈവം സ്നേഹം തന്നെ എന്നു പറയാൻ കാരണം.

എല്ലാം തികഞ്ഞവരും നല്ല ദാനവും ഉയരത്തിൽ നിന്നു നമ്മുടെ പിതാവിൽ നിന്നു തന്നെയാണ് കിട്ടുന്നതു (യാക്കൊബ് 1:17). ഭൗതികമായ, സാമൂഹ്യമായ, വ്യക്തിക്കുപോലും. പ്രവൃത്തികളിലുടെ ലഭിക്കുന്ന ദാനത്തെ നിഷേധിക്കാൻ സാദ്ധ്യമല്ല. നാം ആ ദൈവത്തെ സേവിക്കുകതെങ്ങനെ എന്നു ചിന്തിക്കുക. ദൈവത്തിന്റെ ദയ, മനസലിവ്, കരുണ എന്നീ സ്വഭാവത്താൽ നമ്മിൽ നിന്നു അനുസരണം പ്രതീക്ഷിക്കുന്നു. ആദാമിനും ഹവ്വയ്ക്കും കൊടുത്ത ദാനമായിരുന്നു ഏദെൻ തോട്ടം. അനുസരണം ദൈവം ആവശ്യപ്പെട്ടു. എന്നാൽ ഫലം മിറച്ചായിപോയി. അതുകൊണ്ടു ദൈവ കൃപയെ അവർ വ്യർത്ഥമാക്കി കളഞ്ഞു. കൃപയും മാനവും ദൈവത്തിന്റേതാണ്. അതു ലഭിക്കുവാൻ നാം ക്രിസ്തുവിന്റെ വചനം കേട്ട് അനുസരിക്കണം.

അനർഹമായ ഉപകാരം എന്നതാണ് കൃപയുടെ നിർവ്വചനം. ആ അർത്ഥത്തിൽ വളരെ സത്യം ഉൾക്കൊള്ളുന്നു. ആർക്കും സത്യത്തെ വാദിച്ചു ജയിക്കാവുന്നതല്ല. കൃപയും സ്നേഹവും രക്ഷയും ദാനവുമെല്ലാം തരുന്ന ദൈവത്തിൽ പൂർണ്ണമായി ആശ്ര യിക്കുക. ദൈവം തരുന്നതെല്ലാം നന്മയായിരിക്കും. പഴയ നിയ മത്തിലും പുതിയ നിയമത്തലും വാഗ്ദാനങ്ങളും മുന്നറിയിപ്പു കളും ധാരാളം കാണാം. ദൈവ വാഗ്ദാനങ്ങൾ ഒന്നും വ്യർത്ഥ മാകുകയില്ല എന്നറിയുക. ദൈവം വാക്കുപാലിക്കുന്ന വിശ്വ സ്തനും സത്യവാനുമാണ്. പഴയനിയമത്തിന്റേയും പുതിയ നിയ മത്തിന്റേയും ഉദ്ദേശം നാം അറിഞ്ഞിരിക്കണം. ക്രിസ്തു വരു ന്നതുവരെ താൽക്കാലികവും ജഡികവുമായി കൊടുത്ത നിയമം ക്രിസ്തുവിന്റെ വരവ് വരെ ആളുകൾ പ്രമാണിക്കേണ്ടതിനു നൽകിയതാണ്.

പുതിയ നിയമത്തിൽ നമുക്ക് കരുണയും കൃപയും ആസ്വ ദിക്കുവാനായി കഴിയും. ദൈവത്തിന്റെ കരുണയും കൃപയും നിലനിൽക്കുന്നതിനാലാണ് നമുക്ക് അവന്റെ ദീർഘക്ഷമ അനു ഭവിക്കുവാൻ കഴിയുന്നു. അല്ലായിരുന്നുവെങ്കിൽ നമ്മളാരും ജീവിച്ചിരിക്കുകയില്ലായിരുന്നു. അതിനു നാം ദൈവത്തോട് കട പ്പെട്ടിരിക്കുന്നു. ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുകയെന്ന താണ് ഓരോരുത്തരും ചെയ്യേണ്ടത് അതിനു ഒഴികഴിവില്ല.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To